REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 10-05-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ബാരാമുള്ള മുതൽ ഭുജ് വരെ രാജ്യാന്തര അതിർത്തിയിലും നിയന്ത്രണരേഖയിലും 26 ഇടത്ത് പാകിസ്ഥാൻ ഡ്രോണുകൾ കണ്ടെത്തിയതായി സൈനിക കേന്ദ്രങ്ങൾ.**
- **രാജ്യത്തിന്റെ വടക്കും പടിഞ്ഞാറും മേഖലകളിലെ 32 വിമാനത്താവളങ്ങൾ ഈ മാസം 14 വരെ അടച്ചിടും.**
- **'ഓപ്പറേഷൻ സിന്ദൂറി'ന്റെ പശ്ചാത്തലത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷ പരിപാടികൾ മാറ്റി വെക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.**
- **കണ്ണൂർ അഴീക്കൽ തുറമുഖ വികസനം പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിൽ നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **സംസ്ഥാനത്ത് പ്ലസ് വൺ അപേക്ഷകൾ ഈ മാസം 14 മുതൽ 20 വരെ ഓൺലൈനായി സമർപ്പിക്കാം.**

## വാർത്തകൾ വിശദമായി

കശ്മീരിലെ ബാരാമുള്ള മുതൽ ഗുജറാത്തിലെ ഭുജ് വരെ രാജ്യാന്തര അതിർത്തിയിലും നിയന്ത്രണരേഖയിലും 26 ഇടത്ത് പാകിസ്ഥാൻ ഡ്രോണുകൾ കണ്ടെത്തിയതായി സൈനിക കേന്ദ്രങ്ങൾ അറിയിച്ചു.ബാരാമുള്ള, ശ്രീനഗർ, അവന്തിപൊഡ, നഗ്രോട്ട, ജമ്മു, ഫിറോസ്പൂർ, പത്താൻകോട്, ഫസിൽഖ, ലാൽഗഡ് ജട്ട, ജെയ്സാൽമിർ, ബാർമർ പ്രദേശങ്ങൾ ഇവയിൽ ഉൾപ്പെടുന്നു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

........വോയ്സ്.......

സേനാ താവളങ്ങൾക്കും സാധാരണക്കാർക്കും ഭീഷണി ഉയർത്തുന്ന ഡ്രോണുകൾ ആയുധങ്ങൾ വഹിക്കാൻ ശേഷിയുള്ളവയാണെന്ന് സൈന്യം വിലയിരുത്തുന്നു. ഇന്ത്യൻ സേന വ്യോമാക്രണങ്ങൾക്കും ഡ്രോൺ ആക്രമണങ്ങൾക്കുമെതിരെ കർശന ജാഗ്രത പുലർത്തി വരികയാണ്. അതിർത്തിയിൽ താമസിക്കുന്നവരോട് പരമാവധി വീടുകളിൽ തന്നെ തുടരാനും അനാവശ്യമായി പുറത്തിറങ്ങുന്നത് ഒഴിവാക്കാനും നിർദേശം നൽകിയിട്ടുണ്ട്.

പഞ്ചാബിലും ഡ്രോണുകൾ ഇന്ത്യൻ അതിർത്തിയിൽ എത്തിയെങ്കിലും സൈന്യം ഫലപ്രദമായി അവയെ തകർക്കുകയോ തുരത്തുകയോ ചെയ്തു.

വ്യാഴാഴ്ച രാത്രി ജമ്മു കശ്മീരിലെ ലേ മുതൽ സിർക്രീക്ക് വരെ 36 ഇടങ്ങളിൽ 400-ലേറെ ഡ്രോണുകൾ ഇന്ത്യൻ വ്യോമാതിർത്തി ലംഘിച്ച് കടന്നു കയറിയതായി വിദേശ കാര്യമന്ത്രാലയം മാധ്യമങ്ങളെ അറിയിച്ചു. ഇന്ത്യൻ സേന നിരവധി ഡ്രോണുകളെ വീഴ്ത്തിയതായും കേണൽ സോഫിയ ഖുറേഷി ന്യൂഡൽഹിയിൽ പറഞ്ഞു.

പടിഞ്ഞാറൻ അതിർത്തിയിലെ സൈനിക കേന്ദ്രങ്ങളെ നിരീക്ഷിക്കാനും ഇന്ത്യൻ വ്യോമ പ്രതിരോധ സംവിധാനത്തിന്റെ ശേഷി പരിശോധിക്കാനും ലക്ഷ്യമിട്ടായിരുന്നു പാകിസ്ഥാന്റെ ഡ്രോണാക്രമണമെന്ന് അവർ അറിയിച്ചു. ഇതിനുപുറമെ പാക് സൈന്യം നിയന്ത്രണ രേഖയിൽ വൻതോതിൽ ഷെല്ലാക്രമണവും വെടിവെയ്പ്പും തുടരുകയാണെന്നും അവർ വെളിപ്പെടുത്തി. പാകിസ്ഥാൻ ഡ്രോണാക്രമണത്തിന് പകരം ഇന്ത്യ നാലിടത്ത് നടത്തിയ ആക്രമണത്തിൽ ഒരു റെഡാർ അടക്കം സംവിധാനങ്ങൾ തകർത്തതായും സൈനിക കേന്ദ്രങ്ങൾ അറിയിച്ചു.

യാത്രാവിമാനങ്ങളെ മറയായി ഉപയോഗിച്ച് അതിർത്തിക്കടുത്ത് പാകിസ്ഥാൻ വ്യോമാതിർത്തി ലംഘിക്കുകയാണെന്നു സൈനിക വക്താക്കൾ കുറ്റപ്പെടുത്തി.

✪✪✪

ഇന്ത്യ- പാക് അതിർത്തിയിലെ സാഹചര്യത്തെ പറ്റി രാവിലെ പത്തിന് ന്യൂഡൽഹിയിൽ ഔദ്യോഗിക വിശദീകരണം നൽകും. സംഘർഷം പൂർണമായി വിലയിരുത്തിയ ശേഷമായിരിക്കും ഔദ്യോഗിക വിശദീകരണമെന്നാണ് റിപ്പോർട്ട്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ രാത്രി മൂന്ന് സേനാ വിഭാഗങ്ങളുടേയും മേധാവികളുടെ ഉന്നത തല യോഗത്തിൽ അധ്യക്ഷത വഹിച്ചു. രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗും, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലും യോഗത്തിൽ പങ്കെടുത്തു.

✪✪✪

രാജ്യത്തിന്റെ വടക്കും പടിഞ്ഞാറും മേഖലകളിലെ 32 വിമാനത്താവളങ്ങൾ തൽക്കാലം അടച്ചിടാൻ എയർപോർട്ട് അതോറിറ്റി തീരുമാനിച്ചു. ഈ മാസം 14 വരെ യാത്രാ വിമാന സർവീസുകൾ ഉണ്ടാവില്ല. അമൃത്സർ, ചണ്ഡീഗഡ്, ജമ്മു, ശ്രീനഗർ, പുഞ്ച്, ജംനഗർ, ജെയ്സാൽമിർ, പത്താൻകോട് വിമാനത്താവളങ്ങൾ ഇവയിൽ ഉൾപ്പെടുന്നു.

ഡൽഹി ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിലെ തടസ്സപ്പെട്ട സർവീസുകൾ പുനഃസ്ഥാപിച്ചു. എന്നാൽ സുരക്ഷാ കാരണങ്ങളും ഇന്ത്യ-പാകിസ്ഥാൻ സംഘർഷവും മുൻനിർത്തി സർവീസുകൾ വൈകാൻ സാധ്യതയുണ്ടെന്ന് വിമാനത്താവള അധികൃതർ യാത്രക്കാരെ അറിയിച്ചു. എയർലൈൻ കമ്പനികളുടെ അറിയിപ്പുകൾ കൃത്യമായി ശ്രദ്ധിക്കണമെന്നും നിർദേശമുണ്ട്.

✪✪✪

പാകിസ്ഥാൻ ഉച്ചയ്ക്ക് 12 വരെ വ്യോമാതിർത്തി അടച്ചു പെഷവാറിലേക്ക് പുറപ്പെട്ട പാകിസ്ഥാൻ എയർലൈൻസിന്റെ PIA 218 വിമാനം അടിയന്തരമായി നിലത്തിറക്കി.

നിലവിൽ പാകിസ്ഥാനിൽ ഒരു വാണിജ്യ വിമാനവും സർവീസ് നടത്തുന്നില്ലെന്നാണ് വിവരം.

✪✪✪

ഇന്ത്യ - പാകിസ്ഥാൻ സംഘർഷം വർദ്ധിക്കുന്ന സാഹചര്യത്തിൽ കേന്ദ്രമന്ത്രി അശ്വിനിവൈഷ്ണവ് രാജ്യത്തെ റെയിൽവേയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. അതിർത്തി മേഖലയിലെ ആളുകളെ സഹായിക്കാൻ ഗവൺമെന്റ് ഏജൻസികളുമായി ചേർന്ന് പ്രവർത്തിക്കാൻ അദ്ദേഹം റെയിൽവേയ്ക്ക് നിർദേശം നൽകി. പതിവ് സർവീസുകൾക്ക് പുറമെ പ്രത്യേക ട്രെയിനുകളും സർവീസ് നടത്തണമെന്ന് കേന്ദ്രമന്ത്രി ആവശ്യപ്പെട്ടു.

✪✪✪

രാജ്യത്തെ എല്ലാ ബാങ്കുകളും പൂർണ്ണമായും ജാഗ്രത പാലിക്കണമെന്നും ഏത് സാഹചര്യവും പ്രതിസന്ധിയും നേരിടാൻ സജ്ജരായിരിക്കണമെന്നും കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ആവശ്യപ്പെട്ടു. പൊതു, സ്വകാര്യ മേഖലാ ബാങ്കുകളുടെയും ഇൻഷുറൻസ് കമ്പനികളുടെയും മാനേജിംഗ് ഡയറക്ടർമാരുമായും CEOമാരുമായും മന്ത്രി ഇന്നലെ നടത്തിയ കൂടിക്കാഴ്ച്ചയിലാണ് നിർദ്ദേശം.

വെല്ലുവിളി നിറഞ്ഞ സമയങ്ങളിൽ സാമ്പത്തിക സ്ഥിരത ഉറപ്പാക്കുന്നതിൽ ബാങ്കിംഗിന്റെയും സാമ്പത്തിക മേഖലയുടെയും നിർണായക പങ്ക് മന്ത്രി എടുത്തു പറഞ്ഞു. ATM-കളിൽ പണ ലഭ്യത ഉറപ്പാക്കണമെന്നും, UPI, ഇന്റർനെറ്റ് ബാങ്കിംഗ് സേവനങ്ങൾ, എന്നിവയ്ക്ക് മുൻഗണന നൽകണമെന്നും ധനമന്ത്രി നിർദേശിച്ചു.

✪✪✪

'ഓപ്പറേഷൻ സിന്ദൂറി'ന്റെ പശ്ചാത്തലത്തിൽ ഇന്ന് മുതൽ നടത്താനിരുന്ന സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷ പരിപാടികൾ മാറ്റി വെക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

സംസ്ഥാന - ജില്ലാതലങ്ങളിൽ മുഖ്യമന്ത്രി നേരിട്ട് പങ്കെടുക്കുന്ന 'മുഖാമുഖം', 'എന്റെ കേരളം' പ്രദർശന-വിപണന മേള, കലാപരിപാടികൾ, സംസ്ഥാനതല യുവജന, വനിത, സാംസ്കാരിക, പട്ടികജാതി-പട്ടികവർഗ കൂടിക്കാഴ്ച്ചായോഗങ്ങളും മാറ്റിയിട്ടുണ്ട്. നിലവിൽ ആരംഭിച്ച പ്രദർശന-വിപണന മേളകൾ നിശ്ചയിച്ച തീയതി വരെ തുടരും. എന്നാൽ, കലാപരിപാടികൾ ഉണ്ടാവില്ല.

മേഖലാ അവലോകന യോഗങ്ങൾ നിശ്ചയിച്ച തീയതികളിൽ നടത്തും.

കായിക വകുപ്പിന്റെ ‘കിക്ക് ഡ്രഗ്സ്’ ലഹരി വിരുദ്ധ പ്രചാരണ ജാഥയും താൽകാലികമായി നിർത്തിവെച്ചു. കാസർകോട് മുതൽ പാലക്കാട് വരെ ജില്ലകളിൽ പ്രചാരണ യാത്ര പര്യടനം നടത്തിയിരുന്നു.

✪✪✪

കണ്ണൂർ അഴീക്കൽ തുറമുഖ വികസനം പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ആവശ്യമായ നടപടികൾ സ്വീകരിച്ച ശേഷം സാഗർ മാല പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് വികസിപ്പിക്കുമെന്നും കസ്റ്റംസ് വെയർ ഹൗസ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി കഴിഞ്ഞിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി സംഘടിപ്പിച്ച കണ്ണൂർ ജില്ലാതല യോഗത്തിൽ ഉന്നയിച്ച നിർദേശങ്ങൾക്ക് മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി.

✪✪✪

ആത്മീയപ്രകാശന യാത്രകൾ മനുഷ്യരിൽ സഹോദര്യം വളർത്താൻ മാർഗമാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മട്ടന്നൂരിൽ കണ്ണൂർ വിമാനത്താവളത്തോട് ചേർന്ന് നിർമിക്കുന്ന ഹജ്ജ് ഹൗസിന്റെ ശിലാസ്ഥാപനവും ഹജ്ജ് ക്യാമ്പിന്റെ സംസ്ഥാനതല ഉദ്ഘാടനവും നിർവ്വഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

കിൻഫ്രയാണ് ഒരേക്കർ സ്ഥലം ഹജ്ജ് ഹൗസിനായി വിട്ടുനൽകുന്നത്. അടുത്ത തീർഥാടനകാലത്ത് പണി പൂർത്തിയാക്കും വിധം പ്രവൃത്തികൾ സമയബന്ധിതമായി നടത്തണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

സംസ്കൃതഭാരതി കേരളഘടകം വിശ്വസംസ്കൃത പ്രതിഷ്ഠാനത്തിന്റെ രണ്ട് ദിവസത്തെ 45-ാം വാർഷികസമ്മേളനം ഉച്ച കഴിഞ്ഞ് ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലെക്കർ കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യും. തൊണ്ടയാട് ചിന്മയാഞ്ജലി ഓഡിറ്റോറിയത്തിലെ ചടങ്ങിൽ കൊളത്തൂർ അദ്വൈതാശ്രമം മഠാധിപതി സ്വാമി ചിദാനന്ദപുരി, ചിന്മയമിഷൻ കോഴിക്കോട് മഠാധിപതി സ്വാമി ജിതാത്മാനന്ദ തുടങ്ങിയവർ പങ്കെടുക്കും. സംസ്കൃതഭാരതിയുടെ അഖിലഭാരതീയജനറൽ സെക്രട്ടറി സത്യനാരായണഭട്ട് മുഖ്യപ്രഭാഷണം നടത്തും. പണ്ഡിതരത്നപുരസ്കാരത്തിന് അർഹനായ ഡോ കെ വി വാസുദേവന് ഗവർണർ പുരസ്കാരം സമ്മാനിക്കും.

✪✪✪

കേരള പ്രീമിയർ ലീഗ് ഫുട്ബോൾ ഗ്രാൻഡ് ഫിനാലെ നാളെ കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടത്തും. കേരള പോലീസും മുത്തൂറ്റ് ഫുട്ബോൾ അക്കാദമിയും തമ്മിലാണ് കിരീടപ്പോരാട്ടം.

ലീഗ് റൗണ്ടിലെ ഒന്നാം സ്ഥാനക്കാരായ KSEBയെ ഒരു ഗോളിന് തോൽപ്പിച്ചാണ് മുത്തൂറ്റ് FA, KPL-ന്റെ ഫൈനലിലെത്തിയത്. രണ്ടാം സെമിയിൽ വയനാട് യുണൈറ്റഡ് FCയെ മറുപടിയില്ലാത്ത ഒരു ഗോളിന് തോൽപ്പിച്ച് കേരള പോലീസും ഫൈനൽ ബർത്ത് നേടി.

✪✪✪

തായ്പേയ് ഓപ്പൺ 2025 ബാഡ്മിന്റണിൽ ഇന്ത്യയുടെ ഉന്നതി ഹൂഡയും ആയുഷ് ഷെട്ടിയും സെമിഫൈനലിലെത്തി. തായ്പേയ്താരത്തെയാണ് ഹൂഡ പരാജയപ്പെടുത്തിയത്. സെമിയിൽ ജപ്പാന്റെ ടോമോക മിയാസാക്കിയെ ഹൂഡ നേരിടും.

പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ ആയുഷ് ഷെട്ടി കാനഡയുടെ യാൻ യാങ്ങിനെയാണ് തോൽപ്പിച്ചത്.

✪✪✪

അരുണാചൽ പ്രദേശിൽ സാഫ് അണ്ടർ 19 ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ ആദ്യ മത്സരത്തിൽ ഇന്ത്യൻ പുരുഷ ടീം ശ്രീലങ്കയെ പരാജയപ്പെടുത്തി. മറുപടിയില്ലാത്ത 8 ഗോളുകൾക്കാണ് ഇന്ത്യയുടെ വിജയം. ചൊവ്വാഴ്ച ഇന്ത്യൻ ടീം നേപ്പാളിനെ നേരിടും.

✪✪✪

സംസ്ഥാനത്ത് പ്ലസ് വൺ അപേക്ഷകൾ ഈ മാസം 14 മുതൽ 20 വരെ ഓൺലൈനായി സമർപ്പിക്കാം. 24ന് ട്രയൽ അലോട്ട്മെന്റ് നടക്കും. ജൂൺ രണ്ടിനാണ് ആദ്യ അലോട്ട്മെന്റ്. 10ന് രണ്ടാം അലോട്ട്മെന്റും 16ന് മൂന്നാം അലോട്ട്മെന്റും ഉണ്ടായിരിക്കും.

ജൂൺ 18ന് പ്ലസ് വൺ ക്ലാസുകൾ ആരംഭിക്കാനാണ് തീരുമാനം.

✪✪✪

SSLC പരീക്ഷയിൽ ഉപരിപഠന യോഗ്യത നേടാത്ത റഗുലർ വിദ്യാർഥികൾക്ക് 'സേ' പരീക്ഷ ഈ മാസം 28 മുതൽ ജൂൺ 2 വരെ നടത്തും. പരമാവധി മൂന്ന് വിഷയങ്ങൾ വരെ എഴുതാം. ജൂൺ അവസാനവാരം ഫലം പ്രഖ്യാപിക്കും.

ഉപരിപഠന അർഹത നേടിയവരുടെ സർട്ടിഫിക്കറ്റുകൾ ജൂൺ ആദ്യവാരം മുതൽ ഡിജിലോക്കറിൽ ലഭ്യമാകും.

✪✪✪

ആലപ്പുഴയിൽ പേവിഷബാധയേറ്റ് ചികിത്സയിലായിരുന്ന പ്ലസ് വൺ വിദ്യാർഥി മരിച്ചു. തകഴി കരുമാടി കിഴക്കേ മുറി പുഷ്പമംഗലം വീട്ടിൽ ശരത് കുമാറിന്റെ മകൻ S. സൂരജ് ആണ് മരിച്ചത്,17 വയസ്സായിരുന്നു.

✪✪✪

കണ്ണൂർ ഇരിട്ടി നഗരസഭ ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനും CPIM ചാവശ്ശേരി ലോക്കൽ കമ്മിറ്റി അംഗവുമായ AK രവീന്ദ്രൻ അന്തരിച്ചു. 73 വയസ്സായിരുന്നു. സംസ്കാരം ഉച്ചയ്ക്ക് 12ന് ചാവശ്ശേരി പറമ്പിലെ നഗരസഭ പൊതു ശ്മശാനത്തിൽ നടത്തും.

✪✪✪

ആശമാരുടെ രാപകൽ സമരയാത്രയുടെ കണ്ണൂർ ജില്ലയിലെ പര്യടനം സമാപിച്ചു. രാവിലെ വയനാട് ജില്ലയിലേക്ക് അവർ യാത്ര പുറപ്പെടും. ഈ മാസം 17-ന് തിരുവനന്തപുരത്ത് മഹാറാലിയോടെ സമരയാത്ര സമാപിക്കും.

✪✪✪

വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകുകയും എന്നാൽ ആവശ്യപ്പെട്ട വിവരം നൽകാതിരിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ. A അബ്ദുൾ ഹക്കിം കോഴിക്കോട്ട് അറിയിച്ചു.

കളക്ട്രേറ്റ് കോൺഫ്രൻസ് ഹാളിലെ സിറ്റിംഗിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കൃത്യമായ വിവരം നൽകില്ലെന്ന് ബോധപൂർവം തീരുമാനിച്ച് മറുപടി നൽകുന്ന ഉദ്യോഗസ്ഥർ വിവരാവകാശ നിയമത്തെ പരിഹസിക്കുകയാണെന്നും കമ്മീഷണർ വിലയിരുത്തി. സിറ്റിംഗിൽ പരിഗണിച്ച 14 പരാതികളും തീർപ്പാക്കി.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*News Team:സയ്യിദ് അലി ശിഹാബ്*
*DEO: സി കെ സുബോധ്*